(ഇ) പുതിയ റെയിഞ്ചുകളോ ഡിവിഷനുകളോ രൂപീകരിക്കുമ്പോഴും പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കേണ്ടി വരുമ്പോഴും സ്റ്റാഫ് വിന്യാസത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്താറുണ്ട്. കൂടാതെ ഇക്കാര്യംകൂടി പരിഗണനാ വിഷയമായി നിശ്ചയിച്ച് ജി.ഒ. (എം.എസ്.) 22/2010/വനം തീയതി 21-5-2010 പ്രകാരം ഒരു വിദഗ്ദ്ധ സമിതിയേയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

കോടശ്ശേരി പഞ്ചായത്തിലെ വനം വകുപ്പ് നെഴ്സറി തൊഴിലാളികളുടെ പ്രശ്നങ്ങൾ

137 (4490) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ വനംവകുപ്പിന്റെ പട്ടിക്കുളത്തെ നെഴ്സറിയിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു ;

(ബി) ഈ തൊഴിലാളികൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ന്യായമായ പരിരക്ഷകൾ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഇവരുടെ കൂലി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സെൻട്രൽ നെഴ്സറിയിലെ ജോലികൾ സീസണൽ വർക്കായതിനാൽ തൊഴിലാളികളുടെ എണ്ണം കൃത്യമായി കണക്കാക്കുവാനാവില്ല. ജോലി ഏറ്റവും കൂടുതലുള്ളപ്പോൾ 30-നും-35 നുമിടയിൽ തൊഴിലാളികൾ പണിയെടുക്കാറുണ്ട്. സാധാരണയായി അഞ്ചോളം തൊഴിലാളികളാണ് ഇവിടെ ജോലി ചെയ്യുന്നത്. ആവശ്യകതയനുസരിച്ച് തൊഴിലാളി യൂണിയനുകളോട് അറിയിക്കുകയും അവർ തൊഴിലാളികളെ അയയ്ക്കുകയുമാണ് പതിവ്.

(ബി) തൊഴിലാളികൾ എല്ലാം ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) വനം വകുപ്പിൽ നിലവിലുള്ള നിരക്കിലാണ് ഇവർക്ക് കൂലി കൊടുക്കുന്നത്. ഇത് പുതുക്കി നിശ്ചയിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി) സ്ഥിരമായി ചെയ്യേണ്ട ജോലികളൊന്നുമില്ലാത്തതിനാൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് പ്രായോഗികമല്ല.

ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

138 (4491) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടം ഉപയോഗയോഗ്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, ഫോറസ്റ്റ് സ്റ്റേഷന് പുതിയ കെട്ടിടം

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കോഴിക്കോട് ഡിവിഷന്റെ കീഴിൽ താമരശ്ശേരി റെയിഞ്ചിന്റെ അധികാര പരിധിയിൽ ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടങ്ങൾ ഇല്ല. 2010-2011 സാമ്പത്തിക വർഷത്തിൽ ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ബജറ്റ് നിർദ്ദേശവും ഭരണാനുമതിയും നിലവിലില്ല.

വന്യമൃഗ സെൻസസ്

139 (4492) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വന്യമൃഗ സെൻസസ് എന്നാണ് അവസാനമായി നടത്തിയത് ;

(ബി) ആരെയൊക്കെയാണ് പ്രസ്തുത സെൻസസ് നടത്തുന്നതിനായി നിയോഗിച്ചത് ; ഉദ്യോഗസ്ഥരല്ലാതെ സന്നദ്ധ സംഘടനകളെയോ മറ്റ് ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവരെയോ നിയോഗിച്ചിരുന്നോ ;

(സി) സെൻസസ് അനുസരിച്ച് സംസ്ഥാനത്ത് വിവിധ ഇനത്തിൽപ്പെട്ട വന്യജീവികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സെൻസസിന് മുമ്പ് എന്നാണ് സെൻസസ് എടുത്തിട്ടുള്ളത് ; പ്രസ്തുത സെൻസസുകൾ പരിശോധിക്കുമ്പോൾ വന്യമൃഗങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(ഇ) ഏതൊക്കെ വന്യമൃഗങ്ങളാണ് വംശനാശഭീഷണി നേരിടുന്നതായി കണ്ടെത്തിയിട്ടുള്ളത് ; ഈ മൃഗങ്ങൾ വംശനാശം വന്ന് നശിക്കാതിരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2002-ലാണ് സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ പൊതുവായ സെൻസസ് അവസാനമായി നടത്തിയത്. എന്നാൽ 2010-ൽ ആനയുടേയും കടുവയുടേയും മാത്രം സെൻസസ് നടത്തുകയുണ്ടായി.

(ബി) സെൻസസ് പരിശീലനം ലഭിച്ച വനം വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പൊതുജന പങ്കാളിത്തത്തോടെയാണ് വന്യമൃഗ സെൻസസ് നടത്തിയത്. വിവിധ സന്നദ്ധ സംഘടനകൾ ഇ.ഡി.സി. അംഗങ്ങൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെട്ടവർ സെൻസസിൽ പങ്കെടുക്കുകയുണ്ടായി.

(സി) 2002-ലെ വന്യമൃഗ സെൻസസ് പ്രകാരമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	എണ്ണം
ആന	6939
കാട്ടുപോത്ത്	14787

LIBRARY ARCHIVES Kerala Legislative Assembly